പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 325 25.04.2017 – ൽ മറുപടിക്ക്

# പുതിയ റേഷൻ കാർഡിന്റെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>,, വി.ഡി.സതീശൻ<br>,, അനൂപ് ജേക്കബ്<br>,, അനിൽ അക്കര : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡിന്റെ വിതരണം ഏതു ഘട്ടത്തിലാണ്; | (എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ റേഷൻ കാർഡുകളുടെ അച്ചടി പൂർത്തിയാക്കി ലഭിച്ചിട്ടുണ്ട്. മറ്റിടങ്ങളിലെ റേഷൻ കാർഡിന്റെ അച്ചടി പൂർത്തിയായി വരുന്നു. മെയ് മാസത്തോടുകൂടി സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിന്റെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പുതിയ റേഷൻ കാർഡിന്റെ വിതരണം ഏപ്രിലിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിൽ ഉണ്ടായ തടസ്സം എന്താണ്; | (ബി) റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയ സി-ഡിറ്റിനാണ് റേഷൻ കാർഡിന്റെ അച്ചടിയുടെ ചുമതല. പുറംചട്ട അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഉൾപേജുമായി കൂട്ടിചേർത്ത് സ്റ്റാപ്പിൾ ചെയ്ത് ബന്ധപ്പെട്ട താലൂക്കുകളിൽ എത്തിക്കുന്നതിനുണ്ടായ കാലതാമസം കൊണ്ടാണ് ഏപ്രിൽ മാസത്തിൽ വിതരണം പൂർത്തിയാക്കാൻ കഴിയാത്തത്. |
| (സി) റേഷൻ കാർഡിന്റെ വില നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്.<br>മുൻഗണനേതര വിഭാഗത്തിന് 100/- രൂപ<br>മുൻഗണനാ വിഭാഗത്തിന് 50/- രൂപ<br>ആദിവാസി വിഭാഗത്തിലെ മുൻഗണനാ വിഭാഗത്തിന് സൗജന്യം. |
| (ഡി) റേഷൻ കാർഡുകളുടെ വിതരണം ആരംഭിക്കാത്തതിനാലും, പുതിയ റേഷൻ കാർഡ് ലഭ്യമാക്കുവാൻ സാധിക്കാത്തതിനാലും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് റേഷൻ കാർഡുകളുടെ വിതരണം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) മെയ് മാസത്തോടുകൂടി റേഷൻ കാർഡുകളുടെ വിതരണം പൂർത്തീകരിക്കണം എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ